# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 183** **16.08.2017-ൽ മറുപടിക്ക്**

### ഹൈഡൽ ടൂറിസം സെന്ററുകൾ

| | ചോദ്യം<br>ശ്രീ. ടി. വി. ഇബ്രാഹിം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. എം.ഉമ്മർ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഹൈഡൽ ടൂറിസം സെന്ററുകളെ വൈദ്യുതി ബോർഡിന്റെ സബ്സിഡിയറി കമ്പനിയാക്കാൻ തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 25.03.2017 – ൽ കൂടിയ കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ ഗവേണിംഗ് ബോഡി യോഗം കമ്പനി രൂപീകരിക്കുന്നതിനുള്ള തുടർ നടപടികൾ എടുക്കുന്നതിന് കെ.എസ്.ഇ.ബി.എൽ - നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനാവശ്യമായ മറ്റു നടപടികൾ നടന്നു വരികയാണ്. |
| (ബി) | ഇക്കാര്യത്തിൽ ടൂറിസം വകുപ്പുമായി കൂടിയാലോചിച്ച് ധാരണയുണ്ടാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (ബി) | ഹൈഡൽ ടൂറിസം സെന്ററുകൾ നിലവിൽ പൂർണ്ണമായും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഭൂമിയിലാണ് പ്രവർത്തിക്കുന്നത്. കെ. എസ്. ഇ. ബി ലിമിറ്റഡിന്റെ സബ്സിഡിയറി കമ്പനിയായാണ് സെന്ററിന്റെ പ്രവർത്തനങ്ങൾ ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ ടൂറിസം വകുപ്പുമായി ധാരണ ഉണ്ടാക്കിയിട്ടില്ല. ടൂറിസം, വനം, ഇറിഗേഷൻ റവന്യൂ തുടങ്ങിയ വിവിധ വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഇക്കാര്യത്തിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കുമോ? | (സി) | കമ്പനി രൂപീകരിക്കുന്നതിനുള്ള എല്ലാ വശങ്ങളും പരിശോധിക്കുന്നതിനായി കൺസൾട്ടന്റിനെ നിയമിക്കുന്നതിനായി ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പ്രായോഗിക ബുദ്ധിമുട്ടുകൾ പരിശോധിക്കുകയും പരിഹാരം കാണുകയും ചെയ്യാമെന്നാണ് പ്രതീക്ഷിക്കുന്നത്. |

Hemalatha

**സെക്ഷൻ ഓഫീസർ**